**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 525          12.06.2012 ൽ മറുപടിയ്ക്ക്

**കനോലി കനാൽ മാലിന്യമുക്തമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.പ്രദീപ് കുമാർ | | സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി) | |
| (എ) | കോഴിക്കോട് നഗരത്തിലെ കനോലി കനാൽ മാലിന്യമുക്തമാക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) & (ബി) | കനോലി കനാലിന് സമീപത്തുള്ള പ്രധാന ആശുപത്രികളെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട്. അവിടങ്ങളിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യിട്ടുണ്ട്. |
| (ബി) | എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | | |
| (സി) | കനാലിന് അരികെയുള്ള സ്വകാര്യ ആശുപത്രികളിൽ നിന്നും, മറ്റു സ്ഥാപനങ്ങളിൽ നിന്നും കനാലിലേക്ക് ഒഴുകി വരുന്ന ജലം മാലിന്യമുക്തമാണോ എന്ന് പരിശോധന നടത്താറുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) | മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെ കാര്യക്ഷമത ഇടവിട്ട് പരിശോധന നടത്തുകയും സാമ്പിളുകൾ എടുത്ത് ടെസ്റ്റ് ചെയ്ത് ശുദ്ധീകരിച്ച പാഴ്ജലത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. മലിനജല ശുദ്ധീകരണ പ്ലാന്റ് എല്ലാ ആശുപത്രികളിലും തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നതായാണ് കണ്ടിട്ടുള്ളത്. ശുദ്ധീകരിക്കുന്ന പാഴ്ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

2